പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

03.11.2011- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം : 7151

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗമാകാനുള്ള യോഗ്യതകൾ ഏതെല്ലാം വിഭാഗത്തിനാണ് ; | (എ) | ഡ്രൈവർ, കണ്ടക്ടർ, ചെക്കിംഗ് ഇൻസ്പെക്ടർ, ക്ലീനർ, ഓഫീസ്ക്ലർക്ക്, എന്നീ വിഭാഗത്തിൽ പ്പെട്ട തൊഴിലാളികൾക്കാണ് കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാനുള്ള യോഗ്യതയുള്ളത് |
| (ബി) | ക്ഷേമനിധി അടവിൽ വാഹന മുടമ തൊഴിലാളി വിഹിതം വീതിക്കുന്നതിനുള്ള മാന ദണ്ഡം എന്താണെന്ന് വ്യക്ത മാക്കാമോ ; | (ബി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം വാഹനത്തിന്റെ ഇനം അനുസരിച്ച് നാല് പട്ടികകളായി തരംതിരിച്ച് ഓരോ പട്ടികയിലും നിശ്ചിത എണ്ണം തൊഴിലാളികൾക്ക് നിശ്ചിത തുക അടയ്ക്കണമെന്നതാണ് മാനദണ്ഡം. അതിൻ പ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | വാർഷിക ടെസ്റ്റിന് ഹാജരാക്കുവാൻ വാഹനതൊഴിലാളിയുടെ ക്ഷേമനിധിതുക കുടിശ്ശിക വരുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ; അതിൽ എന്തെങ്കിലും ഇളവ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഭാഗത്തിനാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (സി) | ഓരോ വാഹന ഉടമയും ഓരോ തൊഴിലാളിയും അവരവരുടെ ഉടമാ/തൊഴിലാളി വിഹിതം നേരിട്ട് അടയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ വാർഷിക ടെസ്റ്റിന് ഹാജരാക്കുവാൻ തൊഴിലാളിയുടെ ക്ഷേമനിധി കുടിശ്ശിക അടച്ചിട്ടുണ്ടോ എന്നത് ഉറപ്പു വരുത്തേണ്ടതില്ല |
| (ഡി) | ക്ഷേമനിധി ബോർഡിന് ഇത് വരെ എത്ര കോടി രൂപയുടെ സമാഹരണമുണ്ടെന്ന് വ്യക്ത മാക്കാമോ ; | (ഡി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 649,0739,000/ രൂപ സമാഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ബോർഡിന്റെ നിക്ഷേപം ഏത് ബാങ്കിലാണെന്ന് വ്യക്തമാക്കാമോ ; | (ഇ) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്/ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എസ്.ബിറ്റി, കാനാറാ ബാങ്ക്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക്, വൈശ്യാ ബാങ്ക്, ധനലക്ഷമീ ബാങ്ക്, യൂക്കോ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, ഇന്ത്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡാ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കർണാടകാ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ആന്ധ്രാ ബാങ്ക്. എന്നീ 17 ബാങ്കുകളിലാണ് നിക്ഷേപം നടത്തിയിട്ടുള്ളത്.. |
| (എഫ്) | അംഗങ്ങൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് ബോർഡ് ലഭ്യമാക്കുന്നത്; | (എഫ്) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിഞ്ഞ്പോകുമ്പോൾ ക്ഷേമനിധിയിനത്തിൽ തൊഴിലാളിയും തൊഴിലുടമയും അടച്ച തുക പലിശ സഹിതം തിരികെ നൽകുന്നതാണ്. താഴെപറയുന്ന ആനൂകൂല്യങ്ങളാണ് അംഗങ്ങൾക്ക് ലഭ്യമാക്കുന്നത്.<br><br>1. <u>പെൻഷൻ</u><br>10 വർഷത്തിൽ കുറയാതെ ക്ഷേമനിധിയിൽ അംഗത്വം ഉള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ അംഗങ്ങൾക്ക് പ്രതിമാസം 500/- രൂപ മിനിമം പെൻഷനായി ലഭിക്കും. കൂടാതെ വാഹനങ്ങളുടെ ഇനം തിരിച്ച് വാർഷിക വർദ്ധനവും ലഭിക്കും<br>2. <u>ഡിസെബിലിറ്റി</u> <u>പെൻഷൻ</u><br>ജോലി ചെയ്യാൻ കഴിയാത്തതരത്തിൽ പൂർണ്ണമായി അവശതയനുഭവിക്കുന്ന തൊഴിലാളികൾക്ക് സർവ്വീസ് ദൈർഘ്യം നോക്കാതെ മിനിമം 500/-രൂപ ഡിസെബിലിറ്റി |

പെൻഷൻ ലഭിക്കും

3. <u>അപകടമരണാനന്തര ധനസഹായം</u>
   ക്ഷേമനിധിയിൽ അംഗമായ തൊഴിലാളി അപകടം മൂലം മരണപ്പെട്ടാൽ ഒരുലക്ഷം രൂപ ധനസഹായം

4. <u>മരണാനന്തര ധനസഹായം</u>
   അംഗമായ തൊഴിലാളി സ്വാഭാവികമായി മരണപ്പെട്ടാൽ 25,000/- മരണാനന്തര സഹായം.

5. <u>ചികിത്സാ ധനസഹായം</u>
   3 വർഷത്തിൽ കൂടുതൽ അംഗത്വമുള്ള തൊഴിലാളിയ്ക്ക് മാരകമായ അസുഖം പിടിപ്പെട്ടാൽ പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം
6. <u>വിവാഹ ധനസഹായം</u>
   മോട്ടോർ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000/- രൂപാ ധനസഹായം (പരമാവധി 2 കുട്ടികൾക്ക്)
7. <u>പ്രസവാനുകൂല്യം</u>
   വനിതകളായ മോട്ടോർ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 3,000/- രൂപ (പരമാവധി 2 കുട്ടികൾക്ക്)
8. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ്.</u>
   എട്ടാം ക്ലാസ് മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 300/- രൂപാ മുതൽ 4500/- രൂപാ വരെയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്.

   ഇവയ്ക്ക് പുറമേ വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി. പോളിസിക്ക് പ്രീമിയം അടക്കുന്നതിനും തൊഴിൽ രഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ജി) | എത്ര അംഗങ്ങൾക്ക് ഇത് വരെ ബോർഡ് ആനുകൂല്യ ങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; ഇതി നായി എത്ര തുക ഇതുവരെ ചെലവായിട്ടുണ്ട്; വിശദമാ ക്കാമോ ? | (ജി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 28503 തൊഴിലാളികൾക്ക് 63,42,06,935/- രൂപ ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**പട്ടിക.1.**

| വാഹനങ്ങളുടെ ഇനം | തൊഴിലാളികളുടെ എണ്ണം | ക്ഷേമനിധി വിഹിതമായി അടയ്ക്കേണ്ടുന്ന നിശ്ചിത തുക |
|---|---|---|
| സ്റ്റേജ് കാര്യേജ് (ഹെവി) | 3 | 1050 |
| സ്റ്റേജ് കാര്യേജ്(ലൈറ്റ്) | 2 | 700 |
| കോൺട്രാക്ട് കാര്യേജ് & ലക്ഷ്വറി ബസ് | 2 | 700 |

**പട്ടിക .2.**

| | | |
|---|---|---|
| ഗുഡ്സ് വെഹിക്കിൾ (ഹെവി) | 2 | 400 |
| ഗുഡ്സ് വെഹിക്കിൾ(ലൈറ്റ്) | 1 | 200 |

**പട്ടിക.3.**

| | | |
|---|---|---|
| ഓംനിവാനുകൾ, ടെയോട്ടാ, ക്വാളിസ്, ടെംമ്പോ ട്രാവലർ & ടാക്സികാർ | 1 | 100 |

**പട്ടിക.4.**

| | | |
|---|---|---|
| ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടാത്ത ആട്ടോറിക്ഷ, ട്രാക്ടർ, ട്രില്ലർ & മറ്റു വാഹനങ്ങൾ | 1 | 50 |

പുതുക്കിയ പദ്ധതി പ്രകാരം ഓരോ തൊഴിലാളിയും അവരുടെ ക്ഷേമനിധി വിഹിതം താഴെപ്പറയും പ്രകാരം ഫണ്ടിൽ ഒടുക്കേണ്ടതാണ്.

പട്ടിക-1 - 150/-രൂപ

പട്ടിക-2 - 100/-രൂപ

പട്ടിക-3 - 50/-രൂപ

പട്ടിക-4 - 50/-രൂപ

സെക്ഷൻ ഓഫീസർ.